# Desabhimani
# 17 July 2018
# Kodamangalam, Heavy Rain, Flood



## മഴ: ആദിവാസിക്കുടിയിലെ താമസക്കാരൻ മരിച്ചു

**വെള്ളപ്പൊക്കംമൂലം ആശുപത്രിയിൽ എത്തിക്കാൻ വൈകി**

ടോമി തോമസ്

**കോതമംഗലം**

കനത്ത മഴയും വെള്ളപ്പൊക്കവുംമൂലം ആശുപത്രിയിൽ എത്തിക്കാൻ വൈകിയതിനാൽ ആദിവാസിക്കുടിയിലെ താമസക്കാരൻ മരിച്ചു. വെള്ളാരംകുത്ത് ആദിവാസിക്കുടിയിലെ ഓമനയെ വിവാഹം കഴിച്ച് 20 വർഷത്തോളമായി അവിടെ താമസിക്കുന്ന പുത്തൻപുരയിൽ ടോമി തോമസ് (57) ആണ് മരിച്ചത്. അടിമാലി ഇരുമ്പുപാലം സ്വദേശിയാണ്.

കൽപ്പണി മേസ്തിരിയായ ടോമിക്ക് ഞായറാഴ്ച രാത്രിയാണ് നെഞ്ചുവേദന ഉണ്ടായത്. തിങ്കളാഴ്ച പുലർച്ചെ ഒരു സംഘം യുവാക്കൾ സാഹസികമായി വള്ളത്തിൽ പുഴയിലെ ഒഴുക്കിനെ മറികടന്ന് ടോമിയെ കോതമംഗലം താലൂക്ക് ആശുപത്രിയിൽ എത്തിച്ചെങ്കിലും മരിച്ചു. ഒരു മകനും മകളുമുണ്ട്.